Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

'ഭരണഭാഷ-മാതൃഭാഷ'

GOVERNMENT OF KERALA

നം. 40718/ഇ.ഡബ്ലിയു.2/12/തസ്വഭവ. തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ലിയു) വകുപ്പ്,
തിരുവനന്തപുരം, തീയ്യതി, 02-07-2013.

ഗവൺമെന്റ് സെക്രട്ടറി.

ചീഫ് എഞ്ചിനീയർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - തസ്തിക നാമ കരണം - സംബന്ധിച്ച്.

സൂചന:- തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയർ സമർപ്പിച്ച 03-06-2013-ലെ കത്ത്.

തദ്ദേശ സ്വയം ഭരണ വകുപ്പിൽ 2008-ൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകൃതമായതിനു ശേഷവും ഔദ്യോഗിക കത്തിടപാടുകളിലും രേഖകളിലും മുനിസിപ്പൽ എഞ്ചിനീയർ, കോർപ്പറേഷൻ എഞ്ചിനീയർ എന്നീ പഴയ സ്ഥാന പ്പേരുകൾ ഉപയോഗിക്കുന്നത് നിരവധി ഭരണപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ എഞ്ചിനീയർമാർ ജോലി ചെയ്യുന്ന ഓഫീസുകളിലും ഔദ്യോഗിക കത്തിടപാടുകളിലും രേഖകളിലും കേഡർ തസ്തികയുടെ പേര് മാത്രമേ ഉപയോഗിക്കാവൂ എന്നും മുനിസിപ്പൽ എഞ്ചിനീയർ (എം.ഇ), കോർപ്പ റേഷൻ എഞ്ചിനീയർ (സി.ഇ.) എന്നീ കാലഹരണപ്പെട്ട തസ്തിക പേരുകൾ ഉപയോഗിക്കരുതെന്നും എഞ്ചിനീയർ വിഭാഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാനും സ്വീകരിച്ച നടപടി വിവരം സർക്കാരിൽ അറിയിക്കാനും അഭ്യർത്ഥി ക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
**സെൽവരാജൻ. എൽ,**
**അണ്ടർ സെക്രട്ടറി.**
ഗവ. സെക്രട്ടറിക്കുവേണ്ടി.

**മേലെഴുത്ത് നമ്പർ ഡിബി1/7778/10/സിഇ/തസ്വഭവ തീയതി : 05.07.2013.**

കത്തിന്റെ പകർപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ എഞ്ചിനീയർമാരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നു.

ചീഫ് എഞ്ചിനീയർ.